# നീര മാർക്കറ്റിംഗിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണ

കൊച്ചി: നാളികേര വികസന ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷക കൂട്ടായ്മകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്ന നീരയും മൂല്യവർധിത ഉൽപന്നങ്ങളും മാർക്കറ്റ് ചെയ്യുന്നതിന് വേണ്ട സംരംഭങ്ങൾക്ക് ആവശ്യമായ പിന്തുണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ട് സംസ്ഥാന സർക്കാർ ഉത്തരവ് ഇറക്കി. നാളികേര വികസന ബോർഡ് ചെയർമാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് അയച്ച കത്തിന്റെ അടിസ്ഥാനത്തിലാണ് കോ-ഓർഡിനേഷൻ സമിതി തീരുമാനം കൈക്കൊണ്ടത്. ത്രിതല കർഷക കൂട്ടായ്മകളായ ഫെഡറേഷനുകൾ വഴി നീര ഉത്പാദിപ്പിക്കുകയും കമ്പനികൾ വഴി സംഭരിച്ച് സംസ്ക്കരിച്ച് വിപണിയിൽ ഇറക്കുന്ന നീരയും ഉപോത്പന്നങ്ങളും ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, മുൻസിപ്പാലിറ്റികൾ, മുൻസിപ്പൽ കോർപ്പറേഷനുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി മാർക്കറ്റ് ചെയ്യുന്നതിന് ആവശ്യമായ സഹായങ്ങളാണ് കത്തിൽ അഭ്യർത്ഥിച്ചത്. ഇതുവഴി കേരളത്തിലെമ്പാടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പിന്തുണയോടെ വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ച് പ്രകൃതിദത്ത പോഷക സമ്പുഷ്ട ആരോഗ്യപാനീയമായ നീര ലഭ്യമാക്കാനുള്ള സാഹചര്യമാണൊരുങ്ങുന്നത്.